(ഇ) പ്രസ്തുത വിവരം സംബന്ധിച്ച് എന്തെങ്കിലും അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ ഏതെല്ലാം സംഘടനകൾ എത്ര തുക വീതം ഇപ്രകാരം പിരിച്ചെടുത്തെന്ന് വ്യക്തമാക്കാമോ;

(എഫ്) ഇല്ലെങ്കിൽ മാറാട് കലാപത്തിന്റെ പേരിൽ അനധികൃതമായി നടന്ന പണപ്പിരിവിന്റേയും പണമൊഴുക്കിന്റേയും അടിസ്ഥാനവും വക്ഷ്യവും വിനിയോഗവും അന്വേഷിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) മാറാട് കലാപവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2,29,00,000, (രണ്ട് കോടി ഇരുപത്തിയൊൻപതു വക്ഷം) രൂപ അനുവദിച്ചതിൽ 2,04,99,360 (രണ്ട് കോടി നാവ് വക്ഷത്തി തൊണ്ണൂറ്റി ൻപതിനായിരത്തി മുന്നൂറ്റി അറുപത്) രൂപ ചെവവായിട്ടുണ്ട്.

(ബി) മാറാട് കലാപവുമായി ബന്ധപ്പെട്ട് പ്രത്യേക ദുരിതാശ്വാസ നിധിക്ക് സർക്കാർ രൂപം നൽകിയിട്ടില്ല.

(സി) 2002-ൽ ഒന്നാം മാറാട് കലാപത്തോടനുബന്ധിച്ചുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി സന്നദ്ധ സംഘടനകളിൽ നിന്നും വ്യക്തികളിൽ നിന്നും 16,52,168 (പതിനാറ് ലക്ഷത്തി അൻപത്തി രണ്ടായിരത്തി ഒരുനൂറ്റി അറുപത്തിയെട്ട്) രൂപ സംഭാവനയായി ലഭിച്ചിരുന്നു. ആയതിലേക്ക് 10,00,000 (പത്ത് വക്ഷം) രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) & (എഫ്) 'ഡി'-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സൈബർ കുറ്റകൃത്യങ്ങൾ

120 [76] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്റ്റേറ്റ് ക്രൈം റിക്കാർഡ്സ് ബ്യൂറോയിലെ സൈബർ പോലീസ് സ്റ്റേഷനിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; പ്രസ്തുത സ്റ്റേഷനിൽ ജനറൽ എക്സിക്യൂട്ടീവ് വിഭാഗത്തിൽ നിന്ന് നിയമനം നൽകിയിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെ തസ്തിക തിരിച്ചുള്ള എണ്ണം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) സൈബർ പോലീസ് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർക്ക് സർക്കാർ തലത്തിൽ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇത്തരം കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നത് സംബന്ധിച്ച് വിവരം ലഭ്യമല്ല.

(ബി) എസ്. സി. ആർ. ബി.-ൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിച്ചുകൊണ്ട് സർക്കാർ 15-4-2004-ൽ 909/2004 ആഭ്യന്തരം നമ്പരായി ഉത്തരവിറക്കിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഷൻ രൂപവൽക്കരിക്കുന്നതിന്റെ പ്രാരംഭ നിശയിപ്പായതിനാൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) 3-6-2005-ലെ ജി. ഒ. (ആർ.ടി.) 1365/2005 ആയ ഉത്തരവ് പ്രകാരം 32 പോലീസ് ഉദ്യോഗസ്ഥർക്ക് സൈബർ ഫോറൻസിക് എന്ന വിഷയത്തിൽ സി-ഡാക് സ്ഥാപനത്തിൽ ട്രെയിനിംഗ് നൽകുന്നതിന് തീരുമാനം ആയിട്ടുണ്ട്. എന്നാൽ സൈബർ സ്റ്റേഷന് ആവശ്യമായ പോലീസ് ഉദ്യോഗസ്ഥരുടെ തസ്തികയും മറ്റ് സൗകര്യങ്ങളും തീരുമാനിച്ചിട്ടില്ല.

യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആത്മഹത്യ ചെയ്തവരെ സംബന്ധിച്ച കണക്ക്

121 [77] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്രപേർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; അവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കടക്കെണിയും കൃഷിനാശവുംമൂലം ആത്മഹത്യ ചെയ്ത കർഷകർ എത്രയാണെന്നും അവരുടെ ജില്ല തിരിച്ചുള്ള കണക്കുകളും അവരുടെ ആശ്രിതർക്ക് എന്തെല്ലാം സമാശ്വാസ നടപടികളാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ആത്മഹത്യ ചെയ്തവരിൽ സ്ത്രീകൾ എത്രപേരുണ്ടെന്നും പുരുഷൻമാർ എത്രപേരുണ്ടെന്നും ആൺകുട്ടികൾ എത്രപേരുണ്ടെന്നും പെൺകുട്ടികൾ എത്രപേരുണ്ടെന്നും ഇനം തിരിച്ച് അറിയിക്കാമോ;

(ഡി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കൂട്ട ആത്മഹത്യകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാലയളവിൽ എത്ര കൂട്ട ആത്മഹത്യകൾ സംസ്ഥാനത്ത് നടന്നിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly